സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

ക്ഷേത്രജീവനക്കാരുടെ പൊതുസ്ഥലംമാറ്റം - മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി 2017 -ലെ പൊതുസ്ഥലംമാറ്റം മുതൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി. നമ്പർ.5452/17/മിസ്.1 നന്തൻകോട് , 18/04/2017.

പരാമർശം : ദേവസ്വം കമ്മീഷണറുടെ 10.02.2005-ലെ ആർ.ഒ.സി.134/05/ശാന്തി നമ്പർ സർക്കുലർ ഉത്തരവ് .

## ഉത്തരവ്

ക്ഷേത്ര ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സുതാര്യത ഉറപ്പാക്കുന്നതിനും അഴിമതി ആരോപണങ്ങൾ ഇല്ലാതാക്കുന്നതിനുമായി 23/07/2004 ൽ ബോർഡ് പുതുക്കി നിശ്ചയിച്ച അംഗീകൃത സ്ഥലംമാറ്റ മാനദണ്ഡത്തിലെ 5-ാം ഖണ്ഡികയിൽ ചുവടെ വിവരിക്കും പ്രകാരം കൂട്ടിച്ചേർക്കലുകൾ വരുത്തി ഉത്തരവാകുന്നു.

"അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡിലുള്ളതും, നിലവിൽ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് സ്ഥലംമാറ്റ അധികാരം നിലനിൽക്കുന്നതുമായ എല്ലാ ദേവസ്വങ്ങളിലെയും, കൂടാതെ തലേവർഷത്തെ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ അധികരിക്കുന്ന എല്ലാ ദേവസ്വങ്ങളിലെയും മേൽശാന്തി നിയമനത്തിന് 10 വർഷം ഫുൾടൈം സർവ്വീസ്സ് ഉള്ളവരും അച്ചടക്ക നടപടികൾക്ക് വിധേയരായിട്ടില്ലാത്തവരുമായ അതാത് ഗ്രൂപ്പിലെ ശാന്തിക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പ് നടത്തി നിയമനം നടത്തേണ്ടതാണ്. കൊട്ടാരക്കര ദേവസ്വത്തിലെ കീഴ്ശാന്തി തസ്തികയ്ക്കും ഇത് ബാധകമായിരിക്കും. അപ്രകാരം നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ശാന്തിക്കാരുടെ നിയമന കാലാവധി ഒരു വർഷം മാത്രമായിരിക്കും."

ടി ഭേദഗതി 2017-ലെ പൊതുസ്ഥലംമാറ്റം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനും, കൂടാതെ അംഗീകൃത സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരമുള്ള ക്ഷേത്ര ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രൊപ്പോസ്സൽ തയ്യാറാക്കി വിശദീകരണ കുറിപ്പ് സഹിതം എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും

(മറുപുറം)

EDP.

ദേവസ്വം കമ്മീഷണർക്ക് സമർപ്പിച്ച് ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രം ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, മാനദണ്ഡത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്ന പശ്ചാത്തലത്തിൽ ശാന്തിക്കാർക്ക് തൻ വർഷത്തെ പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് ഒരവസരം കൂടി നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

പകർപ്പ് :

1) എല്ലാ ആഫീസ് മേധാവികൾക്കും
2) സെക്ഷൻ ഫയൽ
3) ഫയൽ ബുക്ക്
4) ആഫീസ് കോപ്പി

E D P Section

NB.